KSFESA
C I T U

# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 180 /71, Kottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gamil.com, Web: www.ksfesa.com**

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**

## സർക്കുലർ 8/2018

സഖാക്കളേ,

KSFE സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംസ്ഥാനകമ്മിറ്റി യോഗം 18-01-2018 (വ്യാഴം) രാവിലെ 11-ന് സംഘടനയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. രാവിലെ 9.30ന് ഭാരവാഹിയോഗം ചേർന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് സ. പി. ദേവദാസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗീകരിച്ച രാഷ്ട്രീയ റിപ്പോർട്ട് യോഗത്തിൽ വായിച്ചവതരിപ്പിച്ചു.

സിഐടിയു ദേശീയ വൈസ് പ്രസിഡന്റും വർക്കിംഗ് കമ്മിറ്റിയംഗവുമായിരുന്ന സ.സുകോമൾ സെൻ, ചെങ്ങന്നൂർ നിയമസഭാംഗമായിരുന്ന സ. കെ.കെ. രാമചന്ദ്രൻ നായർ, മുൻമന്ത്രി സ. ഇ.ചന്ദ്രശേഖരൻ നായർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിൽ പിടിഎസ് ആയിരുന്ന സ. വി. രാജേന്ദ്രൻ, മലപ്പുറം മക്കരപറമ്പ് ശാഖയിൽ എസ്.ജി.എ ആയിരുന്ന സ. എം.മണികണ്ഠൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ഓഖി ചുഴലിക്കാറ്റിൽ മൃതിയടഞ്ഞവരുടെയും മത്സ്യബന്ധനത്തിന് പോയവരിൽ ഇനിയും തിരിച്ചെത്താത്തവരുടെയും കുടുംബാംഗങ്ങളുടെ വേദനയിലും ദുഃഖത്തിലും സംഘടന ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മൃതിയടഞ്ഞവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

വേദനിക്കുന്ന കുടുംബാംഗങ്ങളുടെ സമാശ്വാസത്തിനായി ഒരു ദിവസത്തെ ശമ്പളം സംഭാവനയായി നൽകിയ കെ.എസ്.എഫ്.ഇ.യിലെ സമസ്ത വിഭാഗം ജീവനക്കാരെയും സംഘടന അഭിവാദ്യം ചെയ്യുന്നു.

**തീരുമാനങ്ങൾ**

1. **ശമ്പള പരിഷ്കരണം: അവകാശ പത്രിക അംഗീകരിച്ചു**

   2017 ജൂലൈ 31 ന് കാലാവധി അവസാനിച്ച ശമ്പളപരിഷ്കരണ ഉഭയകക്ഷിക്കരാർ പുതുക്കുന്നതിനുള്ള അവകാശപത്രിക സംസ്ഥാന കമ്മിറ്റി അംഗീകരിച്ചു.

   അവകാശപത്രികയുടെ കരട് നിർദ്ദേശം 14/8/2017-ൽ കൂടിയ സംസ്ഥാന കമ്മിറ്റി അംഗീകരിച്ച്, യൂണിറ്റുകളിൽ നേരത്തേ തന്നെ വിതരണം ചെയ്തിരുന്നു. കൂടാതെ നമ്മുടെ വെബ്സൈറ്റിലും അപ്‌ലോഡ് ചെയ്തിരുന്നു. അംഗങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി ഉൾപ്പെടുത്തിയാണ് അവകാശപത്രിക കമ്മിറ്റി യോഗം അംഗീകരിച്ചത്. 23-01-2018ന് പ്രകടനത്തോടുകൂടി അവകാശപത്രിക മാനേജിംഗ് ഡയറക്ടർക്ക് നൽകാനും തീരുമാനിച്ചു.

   അവകാശപത്രിക നൽകിക്കഴിഞ്ഞാലും പുതിയ നിർദ്ദേശങ്ങൾ നൽകാനും ഭേദഗതി വരുത്തി നിർദ്ദേശങ്ങൾ നൽകാനും സംഘടനയ്ക്ക് അവകാശമുണ്ടായിരിക്കുന്നതിനാൽ സമയാ

സമയങ്ങളിൽ അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സംഘടനയ്ക്ക് ജില്ലാ കമ്മിറ്റികൾ മുഖേന നൽകണമെന്നഭ്യർത്ഥിക്കുന്നു.

**2. പാവങ്ങളുടെ പടത്തലവൻ സ. എ.കെ.ജി യെ അപമാനിച്ചതിനെതിരെ പ്രതിഷേധം**

ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനിയും നിസ്വവർഗത്തിന്റെ സമരനായകനും ഇന്ത്യൻ പാർലമെന്റിലെ തൊഴിലാളിവർഗ്ഗത്തിന്റെ ഉജ്ജ്വല ശബ്ദവുമായിരുന്ന സ.എ.കെ.ജി യെയും സ്ത്രീവിമോചക പോരാളിയായിരുന്ന സ.സുശീലാ ഗോപാലനെയും നിന്ദ്യമായ ഭാഷയിൽ അവഹേളിച്ച വി.ടി.ബൽറാമിന്റെ അധമ സംസ്കാരത്തിൽ സംഘടന പ്രതിഷേധിച്ചു. സ. എ.കെ.ജി.യുടെ ആത്മകഥയിലെ ഒരു വരി അടർത്തിയെടുത്ത് എഡിറ്റ് ചെയ്ത് ഫേസ്ബുക്കിൽ അപമാനപ്പെടുത്തുക എന്ന ദുരുദ്ദേശത്തോടെ പോസ്റ്റ് ചെയ്യുകയാണുണ്ടായത്.

**3. ജില്ലാ പഠനക്യാമ്പുകൾ**

താഴെ കൊടുക്കുന്ന ക്രമത്തിൽ ജില്ലാ പഠനക്യാമ്പുകൾ നിശ്ചയിച്ചു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 2018 ജനുവരി 20, 21 |
| എറണാകുളം | - | 2018 ജനുവരി 26, 27 |
| കൊല്ലം | - | 2018 ഫെബ്രുവരി 4, 5 |
| ആലപ്പുഴ | - | 2018 ഫെബ്രുവരി 9, 10 |
| കോട്ടയം, ഇടുക്കി & പത്തനംതിട്ട | - | 2018 ഫെബ്രുവരി 17,18 |

തൃശൂർ, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിലെ പഠനക്യാമ്പ് മാർച്ച് മാസത്തിൽ നടത്താൻ തീരുമാനിച്ചു.

**4. സംസ്ഥാന വനിതാ പ്രവർത്തക കൺവെൻഷൻ**

സംസ്ഥാന വനിതാ പ്രവർത്തക കൺവെൻഷൻ 2018 ഏപ്രിൽ മാസം തിരുവനന്തപുരത്ത് ചേരാൻ തീരുമാനിച്ചു.

**5. 2018 ഫെബ്രുവരി 7 ദേശീയ പ്രക്ഷോഭം- ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ മാർച്ചും ധർണയും**

എയർ ഇന്ത്യയും ഇന്ത്യൻ റെയിൽവേയും പോലുള്ള അഭിമാനസ്ഥാപനങ്ങൾ മാത്രമല്ല തന്ത്രപ്രധാനമായ പ്രതിരോധ മേഖലയും കേന്ദ്ര സർക്കാർ വിൽപനയ്ക്ക് വച്ചിരിക്കുകയാണ്. അന്താരാഷ്ട്ര ബാങ്കുകളോട് മത്സരിക്കാൻ കരുത്തുള്ളതാക്കുമെന്ന് പറഞ്ഞാണ് അസോസിയേറ്റ് ബാങ്കുകളെ എസ്ബിഐയിൽ ലയിപ്പിച്ചത്. എന്നാൽ എസ്ബിഐയെ റിലയൻസ് പാടെ വിഴുങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്. ബാങ്ക് നിക്ഷേപങ്ങളുടെ സുരക്ഷയപ്പാടെ തകർക്കുന്ന എഫ്.ആർ. ഡി.ഐ ബിൽ ബഡ്ജറ്റ് സമ്മേളനത്തിൽ പാസാക്കാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്.

പെട്രോൾ, ഡീസൽ വിലകൾ എല്ലാ പാതിരാത്രിയിലും പാചകവാതക വില എല്ലാ മാസവും യാതൊരു നീതികരണവുമില്ലാതെ വർദ്ധിപ്പിക്കുകയാണ്. ഇക്കാരണത്താലുണ്ടാകുന്ന ദുസ്സഹമായ വിലക്കയറ്റം ജനജീവിതത്തെയാകെ പ്രതികൂലമായി ബാധിക്കുകയാണ്.

നാടിന്റെ പൊതുസ്വത്ത് തീറെഴുതുന്ന നയം തിരുത്തുക, വിലക്കയറ്റം രൂക്ഷമാക്കുന്ന നടപടികളിൽ നിന്നും കേന്ദ്രസർക്കാർ പിൻവാങ്ങുക, തൊഴിലും കൂലിയും സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് ഫെബ്രുവരി 7 ന്റെ ദേശീയ പ്രക്ഷോഭം സംഘടിപ്പിച്ചിരിക്കുന്നത്. അന്നേദിവസം ജില്ലാ സെന്ററുകളിൽ സംയുക്ത ട്രേഡ് യൂണിയൻ നേതൃത്വത്തിൽ നടക്കുന്ന പ്രതിഷേധ മാർച്ചും ധർണ്ണയും വിജയിപ്പിക്കാൻ അണിചേരണമെന്ന് എല്ലാ വിഭാഗം ജീവനക്കാരോടും സംഘടന അഭ്യർത്ഥിക്കുന്നു.

**6. 2/18 സർക്കുലറിലെ തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ പിൻവലിക്കുക**

കെ.എസ്.എഫ്.ഇയിലെ ഓഫീസർ വിഭാഗം ജീവനക്കാരെ എല്ലാ പരിക്കുകളിൽ നിന്നും രക്ഷിച്ചും സകലമാന ബാധ്യതകളുടെയും 50% അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ തലയിൽ കെട്ടിവയ്ക്കു

കയും ചെയ്യുന്നതാണ് സർക്കുലർ 2/18. ജാഗ്രതാ നിർദ്ദേശങ്ങൾ നല്കുന്നുവെന്ന വ്യാജേനയാണ് വർക്മെൻ ജീവനക്കാരുടെ മേലുള്ള ഈ കുതിരകയറ്റം. വായ്പാ അപേക്ഷകരുടെ കെ.വൈ.സി മാനദണ്ഡവും തിരിച്ചടവ് ശേഷിയും ഉറപ്പുവരുത്തി വായ്പ അനുവദിക്കുന്നത് മാനേജരാണ്. ആയതിനാൽ അതിനുമേലുണ്ടാകുന്ന ബാദ്ധ്യതയുടെ 100% ഉത്തരവാദിത്വവും മാനേജർക്കാണെന്നിരിക്കെ, ആ ബാദ്ധ്യതയുടെ 50% അസിസ്റ്റന്റിന്റെ തലയിൽ കെട്ടിവയ്ക്കാനുള്ള 'സൂത്രവിദ്യ' പരഞ്ഞത്ത് വച്ചാൽ മതി. അതുപോലെ തന്നെ വസ്തു വാല്യുവേഷൻ, അതിരുകൾ തിട്ടപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ട് യാതൊരു ചുമതലയുമില്ലാത്ത അസിസ്റ്റന്റിന്റെ തലയിൽ ബാദ്ധ്യതയുടെ 50% കെട്ടിവയ്ക്കുന്നതിൽ എന്ത് ന്യായീകരണമാണുള്ളത്. സ്വർണ്ണത്തിന്റെ മൂല്യം നിശ്ചയിച്ച് പണയത്തുക നിശ്ചയിക്കുന്നതിൽ യാതൊരു ചുമതലയുമില്ലാത്ത അസിസ്റ്റന്റിന്റെ തലയിൽ ബാദ്ധ്യതയുടെ 50% കെട്ടിവയ്ക്കാനുള്ള നീക്കം ദുരുദ്ദേശപരമാണ്.

മാനേജർമാർ നടത്തിയിട്ടുള്ള മാനദണ്ഡ ലംഘനങ്ങളുടെ പിഴയൊടുക്കേണ്ട ബലിമൃഗങ്ങളായി വർക്മെൻ ജീവനക്കാരെ മാറ്റാനുള്ള കുത്സിതമായ ഗൂഢാലോചനയാണ് 2/18-സർക്കുലറിലൂടെ പുറത്തു വന്നിരിക്കുന്നത്. ആയതിനാൽ പ്രസ്തുത സർക്കുലറിലെ തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ അടിയന്തിരമായി പിൻവലിക്കണമെന്നാവശ്യപ്പെടുന്നു.

അതുപോലെതന്നെ MOPയിലൊ കമ്പനിയുടെ മുൻസർക്കുലറുകളിലൊ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത 50:30:20 എന്ന മാനദണ്ഡം ഏകപക്ഷീയമായും ഏകാധിപത്യപ്രവണതയോടെയും അടിച്ചേൽപ്പിക്കാനുള്ള ശ്രമം അപലപനീയമാണ്. ഈ നിലപാടിൽ സംഘടന പ്രതിഷേധിക്കുന്നു.

7. **കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS): പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കിയതിൽ പ്രതിഷേധം**

ഭരണ നിർവഹണ രംഗത്ത് കാര്യപ്രാപ്തിയുള്ള ജീവനക്കാരെ വിന്യസിക്കുക എന്ന ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടോടെ രൂപീകരിച്ച കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ നിന്നും കെ.എസ്.എഫ്.ഇ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കിയ സർക്കാർ നടപടിയിൽ സംഘടന പ്രതിഷേധിക്കുന്നു. ആദ്യ കരട് നിർദ്ദേശത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയതിനുശേഷം പിന്നീട് ഒഴിവാക്കുകയായിരുന്നു. ഇതിനെതുടർന്ന് കെ.എസ്.എഫ്.ഇ ജീവനക്കാരെയും KAS ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നാം ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ കെ.എസ്.എഫ്.ഇ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ KAS ൽ ഉൾപ്പെടുത്തുവാൻ സർക്കാർ തയ്യാറായിട്ടില്ല. ഇതിൽ സംഘടന ശക്തിയായി പ്രതിഷേധിക്കുന്നു.

8. **കെ.എസ്.എഫ്.ഇയിലെ ഒഴിവുകൾ അടിയന്തിരമായി PSCയ്ക്ക് റിപ്പോർട്ട് ചെയ്യുക. താത്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുക. പി.റ്റി.എസ് തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുക.**

കെ.എസ്.എഫ്.ഇയിലെ ഓഫീസ് അറ്റന്റന്റ് അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ അടിയന്തിരമായി PSCയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും PSC ലിസ്റ്റ് വരുന്നതുവരെയുണ്ടാകുന്ന താത്ക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തണമെന്നും നാം മാനേജ്മെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ പി.റ്റി.എസ് തസ്തികയിലെ ഒഴിവുകൾ എത്രയും വേഗം നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തണമെന്നും സംഘടന ആവശ്യപ്പെടുന്നു.

9. **സ്ഥാപനത്തിന്റെ CD റേഷ്യോ ഉയർത്തുന്നതിനും വായ്പാ പദ്ധതികളെ ആകർഷകമാക്കുന്നതിനും ഫലവത്തായ നടപടികൾ സ്വീകരിക്കുക. സുഗമ നിക്ഷേപപദ്ധതി ശക്തിപ്പെടുത്തുക.**

സ്ഥാപനത്തിന്റെ CD റേഷ്യോ ഉയർത്തുന്നതിനും വായ്പാപദ്ധതികളെ ആകർഷകമാക്കുന്നതിനും ഫലവത്തായ ഒരു നടപടിയും മാനേജ്മെന്റ് സ്വീകരിക്കുന്നില്ല എന്ന വിമർശനം ശക്തമാണ്. കഴിഞ്ഞ

യു.ഡി.എഫ് മാനേജ്മെന്റിന്റെ അതേ കെടുകാര്യസ്ഥ സമീപനം തന്നെ ഇക്കാര്യത്തിൽ തുടരുന്നതിന് യാതൊരു ന്യായീകരണവുമില്ല. ബിസിനസ് സബ് കമ്മിറ്റിയിൽ സംഘടനകൾ വച്ച നിർദ്ദേശങ്ങൾ പോലും ഉൾക്കൊള്ളാതെ നീങ്ങുന്ന നയം സ്ഥാപനത്തിന് ആപത്കരമാണ്. ഡയറക്ടർ ബോർഡിലെ പ്രൊഫഷണലുകളുടെ പ്രാവീണ്യം ജീവനക്കാർക്കും ഇടപാടുകാർക്കും അനുഭവവേദ്യമാകണം. ശക്തമായ തിരുത്തൽ നടപടികൾ സ്വീകരിച്ചുകൊണ്ട് വായ്പാപദ്ധതികളെ ആകർഷകമാക്കണമെന്നും സുഗമ നിക്ഷേപപദ്ധതിയെ ശക്തിപ്പെടുത്താൻ നടപടികൾ ഉണ്ടാകാണമെന്നും ആവശ്യപ്പെടുന്നു.

**10. അനാവശ്യ ധൂർത്തും ആഡംബരങ്ങളും ഒഴിവാക്കുക. കെടുകാര്യസ്ഥ സമീപനം തിരുത്തുക.**
മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഡയറിയും മെച്ചപ്പെട്ട നിലവാരമുള്ള കലണ്ടറുകളും സമയബന്ധിതമായിത്തന്നെ ശാഖകളിലെത്തിയ്ക്കാൻ കഴിഞ്ഞു. എന്നാൽ കണ്ണൂർ, കാസർകോട് ജില്ലകളിൽ ഡയറി വളരെ വൈകിയാണ് എത്തിയത്. എന്നാൽ കഴിഞ്ഞ വർഷത്തേക്കാൾ കലണ്ടറിന്റെയും ഡയറിയുടെയും എണ്ണം ഗണ്യമായി വെട്ടിക്കുറച്ചതുമൂലം വ്യാപകമായ പരാതിയാണ് ജീവനക്കാരിൽ നിന്നും ഇടപാടുകാരിൽ നിന്നും ഉണ്ടായത്. Front Office ലെ വർക്മെൻ ജീവനക്കാരാണ് ഇക്കാര്യത്തിൽ വരിക്കാരുടെ രോഷത്തിന് ഇരയായത്. പ്രവാസി ബന്ധു സംഗമങ്ങളിലൂടെ ഇടപാടുകാരുമായി ഉണ്ടായ നല്ല ബന്ധം തകർക്കുന്ന ഈ 'തലതിരിഞ്ഞ നയം' ആർക്കുവേണ്ടിയെന്ന് വിശദീകരിക്കപ്പെടേണ്ടതാണ്.

അതുപോലെ തന്നെ പൊന്നോണ ചിട്ടികൾ 2017-ൽ ചേരുന്ന വരിക്കാർക്ക് കുട നൽകുമെന്ന വാഗ്ദാനം ലംഘിക്കപ്പെട്ടിരിക്കുന്നു. ആവശ്യത്തിനുള്ള കുടകൾ ബ്രാഞ്ചുകളിലെത്തിക്കാൻ മാനേജ്മെന്റിന് കഴിയുന്നില്ല. സ്ഥാപനത്തിന് അവമതിയുണ്ടാക്കുന്ന ഈ സമീപനം വച്ചു പൊറുപ്പിക്കാനാകില്ല.

ഒരുവശത്ത് 'ഈ പിശുക്കൻ സമീപനം' എടുക്കുമ്പോൾ മറുവശത്ത് അനാവശ്യമായ ആഡംബരങ്ങളും ധൂർത്തും അരങ്ങേറുകയാണ്. 12 കോടി ചെലവഴിച്ച് ഹെഡ് ഓഫീസ് പുതുക്കിപ്പണിയുന്നതിനേക്കാൾ മുൻഗണന ശാഖകൾ നവീകരിക്കാനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനും നൽകേണ്ടതാണ്. അതുപോലെ തന്നെ പുനഃസംഘടനയുടെ പേരിൽ അനാവശ്യമായി ഉന്നത തസ്തികകൾ സൃഷ്ടിക്കാനുള്ള നീക്കം ചെറുക്കപ്പെടേണ്ടതാണ്. പൊതുമേഖലാ സംരക്ഷണം ഒരു നയമായി അംഗീകരിച്ചിട്ടുള്ള കേരളത്തിന്റെ ഇടതുപക്ഷ സർക്കാരിന്റെ കാഴ്ചപ്പാടിനനുസരിച്ച് സ്ഥാപനത്തെ മുന്നോട്ട് നയിക്കണമെന്ന് സംഘടന ശക്തമായി ആവശ്യപ്പെടുന്നു.

അഭിവാദനങ്ങളോടെ,

**തിരുവനന്തപുരം** | **എസ്. മുരളീകൃഷ്ണപിള്ള**
27-1-2018 | ജനറൽ സെക്രട്ടറി